സി.ബി(1)34512/06

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,
തീയതി : 26-2-2007

## സർക്കുലർ നമ്പർ : 19/2007

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ / ബാങ്കുകൾ - 28-ാമത് നിക്ഷേപ സമാഹരണ (1-3-2007 മുതൽ 31-3-2007) കാലയളവിൽ സ്ഥിരനിക്ഷേപ ങ്ങൾക്ക് പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) ഈ ആഫീസിലെ 5-2-2007-ലെ 10/07 നം. സർക്കുലർ
2) 26-2-2007-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്കുകൾ പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റിയുടെ തീരുമാനങ്ങൾ

....

സംസ്ഥാനത്തെ സഹകരണ വായ്പ സംഘങ്ങൾ/ബാങ്കുകൾ വിവിധതരം നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പരമാവധി പലിശ നിരക്കുകൾ സൂചന(1)ലെ സർക്കുലർ പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ 28-ാമത് നിക്ഷേപ സമാഹരണ കാലയളവിൽ നിക്ഷേപ യജ്ഞം നടത്തുന്നതിന്റെ ഭാഗമായി ടി കാലയളവിൽ സ്വരൂപിയ്ക്കുന്ന നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശ നിരക്കുകൾ 26-2-2007-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്കുകൾ പുനർനിർണ്ണയം ചെയ്യുന്നതിനു രൂപീകരിച്ചിട്ടുള്ള സബ്കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും അതിനനുസൃതമായ നിക്ഷേപങ്ങൾക്ക് . പുതുക്കിയ പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് (%) | | ജില്ലാ സഹകരണ ബാങ്ക് (%) | | പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ (%) | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം -30 ദിവസം | 5.00 | 5.00 | 5.25 | 5.25 | 5.75 | 5.75 |
| 2 | 31 ദിവസം -45 ദിവസം | 5.00 | 5.00 | 5.25 | 5.25 | 5.75 | 5.75 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 46 ദിവസം -90 ദിവസം | 6.00 | 6.00 | 6.25 | 6.25 | 6.75 | 6.75 |
| 4 | 91 ദിവസം-179 ദിവസം | 6.50 | 6.50 | 6.75 | 6.75 | 7.00 | 7.50 |
| 5 | 180 ദിവസം -364 ദിവസം | 6.75 | 7.00 | 7.00 | 7.50 | 7.50 | 8.50 |
| 6 | 1 വർഷം മുതൽ 3 വർഷത്തിന് താഴെ വരെ | 8.00 | 9.00 | 8.25 | 9.25 | 8.50 | 9.50 |
| 7 | 3 വർഷം മുതൽ 5 വർഷത്തിന് താഴെ വരെ | 8.25 | 9.00 | 8.50 | 9.25 | 8.75 | 9.50 |
| 8 | 5 വർഷവും അതിനു മുകളിലും | 8.35 | 9.00 | 8.50 | 9.25 | 8.75 | 9.50 |

എന്നാൽ 3 വർഷത്തിന് മുകളിൽ ടി കാലയളവിൽ വ്യക്തികൾ/ സംഘങ്ങൾ/ബാങ്കുകൾ നിക്ഷേപിയ്ക്കുന്ന നിക്ഷേപങ്ങൾക്ക് 0.25 % അധിക പലിശ താഴെ പറയുന്ന രീതിയിൽ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകാവുന്നതാണ്

| പ്രാഥമിക സംഘങ്ങൾ/ബാങ്കുകൾ | ജില്ലാ സഹകരണ ബാങ്കുകൾ | സംസ്ഥാന സഹകരണ ബാങ്കുകൾ |
|---|---|---|
| 5 ലക്ഷവും അതിനു മുകളിലും | 10 ലക്ഷവും അതിനു മുകളിലും | 15 ലക്ഷവും അതിനു മുകളിലും |

മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് 0.50 % മുതൽ പരമാവധി 1 %. അതാത് സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ തീരുമാനത്തിന് വിധേയമായി നൽകുന്നതിനും സംഘങ്ങളെ അനുവദിച്ചിരിയ്ക്കുന്നു. മേൽ പറയുന്ന നിക്ഷേപങ്ങളുടെ പുതുക്കിയ പലിശ നിരക്കുകൾക്ക് <u>1-3-2007 മുതൽ 31-3-2007</u> വരെ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

ഒപ്പ്/-
വി. രഘുനാഥ്,
സഹകരണ സംഘം രജിസ്ട്രാർ (ഇൻചാർജ്ജ്)

1) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, പാളയം, തിരുവനന്തപുരം
2) ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം

3) ജനറൽ മാനേജർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബ ങ്ക്, തിരുവനന്തപുരം
4) ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5) എല്ലാ സഹകരണസംഘം ജോയിൻറ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
6) എല്ലാ സഹകരണസംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
7) എല്ലാ പ്രഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
9) ഡയറക്ടർ, പബ്ളിക് റിലേഷൻസ് (ഉപരിപത്രം സഹിതം)
10) സർക്കുലർ ബുക്ക്
11) എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
12) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13) എഡിറ്റർ, സഹകരണ വീഥി
14) ഇരിപ്പ് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി